**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5565** **13-08-2021 - ൽ മറുപടിയ്ക്ക്**

**വനഭൂമി സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ്** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനഭൂമി സംരക്ഷണത്തിനായി കഴിഞ്ഞ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; | (എ) | വനഭൂമി സംരക്ഷണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനാതിർത്തി സർവ്വേ നടപടികൾ ത്വരിതപ്പെടുത്തി 2016-17 മുതൽ 2020-21 വരെ ഉദ്ദേശം 3160 കി.മീറ്റർ വനാതിർത്തിയിൽ 70,306 സ്ഥിരം ജണ്ടകൾ സ്ഥാപിച്ചിട്ടുണ്ട്. വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിൻറെ കാലത്ത് പുതുതായി 10 ഫോറസ്റ്റ് സ്റ്റേഷനുകൾ കൂടി സ്ഥാപിച്ച് വനസംരക്ഷണ പ്രവർത്തനം ഊർജ്ജിതമാക്കിയിട്ടുണ്ട്. വനപ്രദേശങ്ങളിലും വനത്തിനുള്ളിലും പട്രോളിംഗ് ക്യാമ്പുകൾ, സംയുക്ത റെയ്ഡുകൾ, നൈറ്റ് പട്രോളിംഗ് എന്നിവ നടത്തിയും സംരക്ഷണം വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുള്ളതാണ്. ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് പങ്കാളിത്ത വനപരിപാലനം നടപ്പാക്കി വന്യമൃഗവേട്ട തടയുന്നതിനും സംരക്ഷണം ഉറപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 3.3853 ഹെക്ടറും കണ്ടൽ വനങ്ങൾ വന നിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചു വരുന്നുണ്ട്. കൂടാതെ, ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗാന്ധിവനം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്,കാസർഗോഡ് ജില്ലകളിൽ യഥാക്രമം 135.3356, 3.3853, 20.78, 2.82, 54.6952 ഹെക്ടർ കണ്ടൽ വനങ്ങൾ (ആകെ 217.0161 ഹെക്ടർ) വന നിയമം സെക്ഷൻ 4 പ്രകാരം 'പ്രൊപ്പോസ്ഡ്' റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. കൂടാതെ കഴിഞ്ഞ |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ കാലയളവിൽ 28.02.2020 വരെ 211.6223 ഹെക്ടർ (522.9302 ഏക്കർ) വനം കയ്യേറ്റവും ഒഴിപ്പിച്ചിട്ടുണ്ട്. |
| (ബി) | വനഭൂമി കൈയ്യേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച് നിരവധി കോടതി വിധികൾ ഉണ്ടായിട്ടും കയ്യേറിയ വനഭൂമി ഒഴിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | കയ്യേറിയ വനഭൂമി ഒഴിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ട്. പ്രദേശിക ജനങ്ങളുടെ എതിർപ്പ് മൂലവും, രാഷ്ട്രീയ സാമൂഹിക ഇടപെടലുകൾ മൂലവും കയ്യേറ്റം ഒഴിപ്പിക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. കൂടാതെ കോടതി വിധികളെ തുടർന്ന് ഉണ്ടാകുന്ന തുടർ വ്യവഹാരങ്ങളും കയ്യേറ്റം ഒഴിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്നുണ്ട്. |
| (സി) | അനധികൃതമായി കയ്യേറിയ വനഭൂമി തിരിച്ചുപിടിക്കാൻ കഴിഞ്ഞ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ? | (സി) | വനം കയ്യേറ്റം കണ്ടെത്തിയാൽ അപ്പോൾ തന്നെ ആയത് ഒഴിപ്പിക്കുകയും നിയമങ്ങൾക്ക് വിധേയമായി കയ്യേറ്റക്കാരുടെ പേരിൽ വനം വകുപ്പ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ